[Hon'ble Mr. T. M. Varghese]

തരമായിത്തീർന്നു. പെട്രോൾ ദൗർലഭ്യം തീർന്നു കഴിഞ്ഞാൽ ആ ലൈനിൽക്കൂടി ട്രാൻസ്പോർട്ടുസർവീസ് നടത്താൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ട്.

MR. P. S. MUHAMMED (*Muvattupuzha II—Muslim Reserved*): ഏതൊക്കെ ലിലാണ് കൊല്ലം—ആലപ്പുഴ ലൈനിൽ എക്സ്പ്രസ്സ് സർവീസ് നടപ്പിലാക്കിയതു.

HON'BLE MR. T. M. VARGHESE : മന്ത്രിസഭ രൂപീകരിക്കുന്നതിനു മുമ്പാണെന്നാണ് അറിവു്. അതിനുശേഷം ഉണ്ടായ പെട്രോൾക്ഷാമം നിമിത്തം മറ്റു ലൈനുകളിൽക്കൂടി ട്രാൻസ്പോർട്ട് സർവീസ് ഏർപ്പെടുത്തണമെന്നുള്ള ഗവണ്മെൻറിൻെറ ആഗ്രഹം ഫലപ്രാപ്തിയിൽ വരുത്താൻ കഴിഞ്ഞില്ല.

MR. K. A. GANGADHARA MENON : ആ ലൈനിൽ ഓടുന്ന പ്രൈവറ്റു ബസ്സുകാർക്കു പെട്രോൾ അനുവദിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : ഉണ്ടു്. വളരെ കുറച്ചു പെട്രോൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതുകൊണ്ടു് പെട്രോൾകൊണ്ടു് ഗവർമെൻറു ട്രാൻസ്പോർട്ടുസർവീസു് നടത്തുന്നപക്ഷം അത്യാവശ്യത്തിനു ഒട്ടും മതിയാകുകയില്ല. അപ്രകാരം തീരെ അപര്യാപ്തമായ സർവീസു് ഏർപ്പെടുത്താൻ ഗവണ്മെൻറു ഇഷ്ടപ്പെടുന്നതു് ആക്ഷേപകരമായിരിക്കും. അതിനാൽ ഗവണ്മെൻറു് അതിലേയ്ക്കു മുതിർന്നില്ല.

MR. K. A. MUHAMMED (*Quilon IV—Muslim Reserved*) : ഗ്യാസ്പ്ലാൻറുവച്ചു ബസ്സുകാർ ആ ലൈനിൽ ഓടിക്കുവാൻ അനുവദിക്കുമോ ?

HON'BLE MR. T. M. VARGHESE : ഗ്യാസ് പ്ലാൻറുകാർവച്ചു ബസ്സുകാർകൊണ്ടു് സർവീസു നടത്തുവാൻ കഴിയുന്ന ഒരു ലൈൻ ആണു് കൊല്ലം ആലപ്പുഴ ലൈൻ. ഈയാണ്ടു് ജൂലൈമാസം അവസാനത്തോടുകൂടി മുപ്പതിൽപരം ബസ്സുകൾ ഗ്യാസുപ്ലാൻറുകാർ ഫിറ്റു് ചെയ്യും. അപ്പോൾ ആ ലൈനിൽ ബസ്സുസർവീസുകാർ നടത്താനുള്ള സൗകര്യത യുണ്ടോ എന്നു നോക്കുന്നതാണു്.

Bus owners' conference.

17. MR. T. K. NARAYANA PILLAI : Will the Honourable Minister for Transport be pleased to state :

(*a*) whether a conference of private bus owners and Government representatives was held, and

(*b*) if so, whether any conclusions or decisions were arrived at in the conference ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : ഇങ്ങനെ പ്രൈവറ്റ് ബസ്സുടമസ്ഥന്മാർ ട്രാൻസ്പോർട്ട് അധികൃതന്മാർ ഗവണ്മെൻറുദ്യോഗസ്ഥന്മാർ ഇവർ ചേർന്ന ഒരു കാൺഫറൻസ് നടത്തിയിട്ടുണ്ട്. ആ കാൺഫറൻസിനെ സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും മേശപ്പുറത്തുവച്ചിട്ടുണ്ട്.

MR. P. K. KUNJU : എത്ര ബസ്സുടമസ്ഥന്മാരെ ആ കാൺഫറൻസിൽ ക്ഷണിക്കപ്പെട്ടിരുന്നു എന്നു പറയാമോ ?

HON'BLE MR T. M. VARGHESE : അറിയപ്പെട്ട എല്ലാ ബസ്സുടമസ്ഥന്മാരെയും ക്ഷണിച്ചിരുന്നു. ചിലരെ വിളിച്ചിട്ടില്ലായിരിക്കാം. അതു വിളിക്കേണ്ട ആവശ്യമില്ലെന്നു കരുതിയല്ല. ഗവണ്മെൻറിൻെറ അറിവിൽപ്പെട്ട എല്ലാവരെയും വിളിച്ചിട്ടുണ്ട്. ഒന്നോരണ്ടോപേർ ക്ഷണിക്കപ്പെട്ടവരുടെ ലിസ്റ്റിൽ വിട്ടുപോയിട്ടുണ്ടോ എന്നു നിശ്ചയമില്ല.

MR. P. K. KUNJU : ഏകദേശം പേരെ മാത്രമാണ് ക്ഷണിച്ചിരുന്നതെന്ന് അറിയാമോ?

HON'BLE MR. T. M VARGHESE : എത്ര പേരെയാണു വിളിച്ചിരുന്നതെന്നതന്നെ ഇപ്പോൾ നിശ്ചയമില്ല. കഴിവുള്ള എല്ലാ പേരെയും ക്ഷണിച്ചിട്ടുണ്ടെന്നാണ് ഗവണ്മെൻറിൻെറ വിശ്വാസം, അതാണു ബോദ്ധ്യവും. എന്തെങ്കിലും ആളുകളെ ക്ഷണിക്കാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ അതുകൊണ്ട് ഉണ്ടായിട്ടുള്ള കുറവുനികത്താൻ അവരെക്കൂടി അടുത്തകൂട്ടുന്ന ഇതുപോലെയുള്ള കാൺഫറൻസുകളിൽ ക്ഷണിക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുന്നതാണ്.

MR. P. K. KUNJU : കമ്പനി ഉടമസ്ഥന്മാരെയും വിളിച്ചിട്ടില്ലെന്നു അറിയാമോ ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

MR. P. T. CHACKO (*Kottayam II General*) : ഗവണ്മെൻറിൻെറ അറിവിൽപെടാത്ത ബസ്സുടമസ്ഥന്മാർ ഉണ്ടോ ?

HON'BLE MR. T. M. VARGHESE : ഉണ്ട്. ക്ഷണിക്കപ്പെടേണ്ടവരായി അറിയപ്പെട്ടവർ എന്നാണ് പറഞ്ഞതു്. ഒറ ഒറ ബസ്സുടമസ്ഥന്മാർ വേറെ ഉണ്ടായിരിക്കും.

Scindia Steam Navigation Co.

8. MR. T. K. NARAYANA PILLAI (*Parur II—General*) : Will the Honourable Minister for Export and Import be pleased to state :

(*a*) whether any agreement or contract has been entered into with the Scindia Steam Navigation Co., regarding transport by water ; and

(*b*) if so, the terms of such agreement or contract ?

LIBRARY ARCHIVES Kerala Legislative Assembly